## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2047

04-11-2019-ൽ മറുപടിയ്ക്ക്

### ഓച്ചിറ കാളകെട്ട് ഉത്സവവുമായി ബന്ധപ്പെട്ട കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | **പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |
| (എ) ഇരുപത്തെട്ടാം ഓണം ഉത്സവത്തോടനുബന്ധിച്ച് ഓച്ചിറ ക്ഷേത്രത്തിൽ നടന്ന കാളകെട്ട് ഉത്സവവുമായി ബന്ധപ്പെട്ട് പോലീസ് എത്ര കേസുകളെടുത്തുവെന്നും ഏതെല്ലാം വകുപ്പുകൾ അനുസരിച്ചുള്ള കേസുകളാണ് എടുത്തതെന്നും വിശദീകരിക്കുമോ; | (എ) ഈ വർഷത്തെ ഇരുപത്തെട്ടാം ഓണം ഉത്സവവുമായി ബന്ധപ്പെട്ട് ഓച്ചിറ ക്ഷേത്രത്തിൽ നടന്ന കാളകെട്ട് ഉത്സവത്തോടനുബന്ധിച്ച് കൊല്ലം സിറ്റി പോലീസ് പരിധിയിൽ ആകെ 18 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ CrPC സെക്ഷൻ 151 പ്രകാരം 15 കേസ്സുകളും, Cr.No. 991/19 U/S 188, 283, 143, 147, 188, 149 IPC പ്രകാരം ഒരു കേസും, Cr.No. 993/19 U/S 143, 147, 323, 332, 427, 149 IPC പ്രകാരം ഒരു കേസും, Cr.No. 1001/19 U/S 341, 323, 324, 307, 34 IPC പ്രകാരം ഒരു കേസും, ഉൾപ്പെടെ 18 കേസുകൾ. |
| (ബി) ആയതുമായി ബന്ധപ്പെട്ട് ദേശീയ പാതയിൽ എത്രസമയം ഗതാഗത തടസ്സമുണ്ടായെന്ന് വിശദീകരിക്കുമോ; | (ബി) 08.10.2019 ഉച്ചയ്ക്ക് 03.00 മണി മുതൽ 09.10.2019 ന് രാവിലെ 08.00 മണി വരെ ഗതാഗത തടസ്സം ഉണ്ടായി. |

| | |
|---|---|
| (സി) അമിത വലിപ്പത്തിലുള്ള കെട്ടുകാളകളെ എഴുന്നള്ളിക്കുന്നത് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി ക്ഷേത്ര ഭരണ സമിതിയും ബന്ധപ്പെട്ട വകുപ്പുകളും കാളകെട്ട് സമിതിയുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) അമിത വലിപ്പത്തിലും ഉയരത്തിലുമുള്ള കെട്ടുകാളകളെ എഴുന്നള്ളിക്കുന്നത് മൂലം പൊതുജനത്തിന് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും മറ്റ് ക്രമസമാധാന പ്രശ്നങ്ങളും ഒഴിവാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി ഏർപ്പെടുത്തുന്നതിനായി അടുത്ത വർഷത്തെ കാളകെട്ട് ഉത്സവത്തിന് മുമ്പായി ക്ഷേത്രഭരണ സമിതിയുടെയും കാളകെട്ട് സമിതികളുടെയും ബന്ധപ്പെട്ട എല്ലാ സർക്കാർ വകുപ്പുകളുടെയും ഒരുമിച്ചുള്ള ഒരു യോഗം വിളിച്ച് ചേർത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**